# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2466

08.03.2017-ൽ മറുപടിയ്ക്ക്

## തൊടുപുഴയിൽ വിവിധോദ്ദേശ വ്യവസായ സോണുകൾ

| ചോദ്യം<br>ശ്രീ.പി.ജെ.ജോസഫ് | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കഴിഞ്ഞ വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച പ്രകാരം തൊടുപുഴയിൽ വിവിധോദ്ദേശ വ്യവസായ സോണുകൾ ആരംഭിക്കുന്നതിനു വേണ്ടി 900 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടി എവിടെവരെയായി; | എ) | തൊടുപുഴ താലൂക്കിലെ കാരിക്കോട് - ആലക്കോട് വില്ലേജുകളിലുൾപ്പെട്ടു വരുന്ന 920 ഏക്കർ ഭൂമി നെഗോഷി യേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കുന്നതിന്, 02-03-2016-ലെ 209/2016/റവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ കൈക്കൊ ള്ളുന്നതിന് ഇടുക്കി ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | ആയതിനുള്ള തുക അനുവദിച്ച് നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ബി) | ഭൂമി ഏറ്റെടുക്കൽ ഘട്ടത്തിലാണ് തുക ആവശ്യമായി വരുന്നത്. ആയതിനാൽ നിലവിൽ തുക-യൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ